**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5911** **25-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ തടസ്സവും അനുഭവിക്കുന്ന പ്രദേശം കാസർഗോഡ് ജില്ലയാണെന്നത് ശരിയാണോ; വ്യക്തമാക്കാമോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ മൈലാട്ടി മുതൽ മഞ്ചേശ്വരം വരെയുള്ള ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ അപര്യാപ്തതയും കർണ്ണാടകയിൽ നിന്നുള്ള വൈദ്യുതി ലഭ്യതയുടെ കുറവും നിമിത്തം ജില്ലയുടെ വടക്കൻ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ തടസ്സവും അനുഭവപ്പെടുന്നുണ്ട്.<br><br>കൂടാതെ ജില്ലയിലെ എല്ലാ 33 കെ.വി സബ്സ്റ്റേഷനുകളും ഒറ്റ സർക്യൂട്ടിൽ ആണ് ഉള്ളത്. ജില്ലയിൽ സബ്സ്റ്റേഷനുകളുടെ എണ്ണം വളരെ കുറവായതിനാലും 11 കെ.വി ലൈനുകളുടെ നീളം വളരെ കൂടുതലായതിനാലും വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ തടസ്സവും ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നുണ്ട്.<br><br>അതിർത്തി ജില്ല എന്ന നിലയിൽ വൈദ്യുത ശൃംഖലയിൽ ഉണ്ടായ ചില സാങ്കേതികമായ പ്രശ്നങ്ങൾ ചില സമയങ്ങളിൽ വൈദ്യുതി വിതരണ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. 220/110 കെ വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് മയിലാട്ടി വിദ്യാനഗർ ലൈൻ നിർമ്മാണ പ്രവൃത്തി ലൈൻ മെയിൻറനൻസ് സെക്ഷൻ മൈലാട്ടിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നുണ്ട്. നിലവിലുള്ള 110 കെവി മയിലാട്ടി വിദ്യാനഗർ സിംഗിൾ സർക്യൂട്ട് ലൈൻ പൂർണ്ണമായും ഷട്ട് ഡൗൺ ചെയ്യാൻ സാധിക്കാത്തത് മൂലമാണ് പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിൽ ആയത്. നിലവിൽ 110 കെവി മുള്ളേരിയ, കുബന്നൂർ, മഞ്ചേശ്വരം, 33 കെവി കേരള ബദിയടുക്ക, അനന്തപുരം, കാസർഗോഡ് ടൗൺ എന്നീ സബ്സ്റ്റേഷനുകൾ സിംഗിൾ സർക്യൂട്ട് 110കെ.വി. ലൈനിൽ നിന്നും ആണ് വൈദ്യുതി സ്വീകരിക്കുന്നത്. 110 കെ.വി കൊനാജെ കർണാടക നിന്നും വൈദ്യുതി മഞ്ചേശ്വരം സബ്സ്റ്റേഷൻ വഴി ഉപ്പള റെയിൽവേ ട്രാക്ഷൻ സബ്സ്റ്റേഷനിൽ എത്തിക്കുന്നുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | പകൽ സമയങ്ങളിൽ സോളാർ ജനറേറ്റർ നിലയത്തിൽ നിന്നുള്ള 50 MW വൈദ്യുതി ലഭിക്കുന്നുണ്ടെങ്കിലും നിലവിൽ മേൽ സബ്സ്റ്റേഷനുകളിലേക്കുള്ള വൈദ്യുതി ഉപയോഗം കൈകാര്യം ചെയ്യാൻ ഇത് അപര്യാപ്തമാണ്. ആയതിനാൽ നാല് ഘട്ടമായാണ് മൈലാട്ടി-വിദ്യാനഗർ ലൈനിന്റെ പണി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ മൂന്നു കിലോമീറ്റർ 110 കെവി കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ബൈപ്പാസ് ചെയ്തതിനു ശേഷം നിലവിലുള്ള ലൈൻ ഡിസ്മാന്റിൽ ചെയ്ത് മാറ്റി ഈ മൂന്ന് കിലോമീറ്റർ പുതിയ ലൈൻ വലിച്ചതിനുശേഷം അടുത്ത മൂന്ന് കിലോമീറ്റർ ബൈപ്പാസ് ക്രമീകരിച്ചതിനു ശേഷം പ്രവൃത്തി ചെയ്യുക എന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഇതിനോടകം ആദ്യത്തെ മൂന്ന് കിലോമീറ്റർ ലൈൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ ലൈൻ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം അനിവാര്യമാണ്.<br><br>നിലവിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ വൈദ്യുതി പ്രസരണം ചെയ്യുന്നത് നിലവിലുള്ള 220കെവി അരീക്കോട് കാഞ്ഞിരോട് ഓർക്കാട്ടേരി കാഞ്ഞിരോട് ലൈനുകളാണ് 110 കെ.വി കൊനാജെ (കർണ്ണാടക) മഞ്ചേശ്വരം കുറ്റ്യാടി നാദാപുരം കുറ്റ്യാടി കാഞ്ഞിരോട് ലൈനുകൾ വഴിയും വൈദ്യുതി എത്തുന്നു. പകൽ സമയങ്ങളിൽ അമ്പലത്തറ, പൈവെളിഗെ, സിയാൽ (പയ്യന്നൂർ) എന്നീ സോളാർ ജനറേറ്റിങ്ങ് സ്റ്റേഷനുകളിൽ നിന്നുള്ള വൈദ്യുതിയും ലഭിക്കുന്നുണ്ട്. കണ്ണൂർ കാസറഗോഡ് ജില്ലകളിലെ വൈദ്യുതി ആവശ്യകത നിർവഹിക്കുന്നത് രണ്ടു 220 കെവി ലൈനുകളിലൂടെയാണ്. ലൈനിന്റെ വൈദ്യുത വാഹകശേഷി കണക്കിലെടുക്കുമ്പോൾ ഇത് അപര്യാപ്തമാണ്. കൂടാതെ അതിർത്തി ജില്ലയെന്ന നിലയിൽ കർണ്ണാടകയിൽ നിന്നു ലഭിക്കേണ്ട വൈദ്യുതിക്കു കുറവു സംഭവിക്കുന്നതും ചിലപ്പോഴൊക്കെ വൈദ്യുതി തടസ്സത്തിനു കാരണമാകുന്നുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | <u>കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u><br><br>2025-ലെ വേനൽക്കാലത്ത് കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലകളിൽ ലോഡ് വർദ്ധിക്കുമ്പോൾ ലോഡ് ഷെഡിംഗ് ഇല്ലാതെ വൈദ്യുതി നൽകുന്നതിനായി പ്രസരണ രംഗത്ത് നടത്തിയ പ്രവൃത്തികൾ താഴെ പറയുന്നു. |

കാഞ്ഞങ്ങാട് 110 കെവി സബ്സ്റ്റേഷനിലെ 33 കെവി ബസ് റീ-അറേഞ്ച്മെന്റ് വർക്ക് നടന്നു വരുന്നു.

33 കെ വി ബേളൂർ സബ്സ്റ്റേഷനിലെ ഒരു ഭാഗം ലോഡ് 33 കെവി വെസ്റ്റ് എളേരി, 220 കെ വി അമ്പലത്തറ സബ്സ്റ്റേഷനുകളിലേക്ക് മാറ്റി.

കർണാടകയിൽ നിന്നും ലഭ്യമായികൊണ്ടിരുന്ന 30 മെഗാവാട്ട് വൈദ്യുതി 03.12.2024 മുതൽ 50 മെഗാവാട്ട് ആയി ഉയർത്തിയിട്ടുണ്ട്.

<u>കാസർഗോഡ് ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ</u>

കാസറഗോഡ്-കരിന്തളം 400കെവി സബ്സ്റ്റേഷനും അനുബന്ധ ഉടുപ്പി കരിന്തളം 400കെവി ലൈനിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. വയനാട് കാസർഗോഡ് ലൈനിന്റെ 400 കെ വി ലൈനിന്റെ പ്ലോട്ട് സർവ്വേ തുടങ്ങി കഴിഞ്ഞു.

മൈലാട്ടി സബ്സ്റ്റേഷൻ മുതൽ വിദ്യാനഗർ സബ്സ്റ്റേഷൻ വരെയുള്ള 12 കിലോമീറ്റർ 110 കെവി സിംഗിൾ സർക്യൂട്ട് ലൈൻ 220/110കെവി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനായി ഉയർത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മുഴവൻ പ്രവൃത്തിയും 2025 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു

കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110കെവി സബ്സ്റ്റേഷന്റെ പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പന്ത്രണ്ട് കീ.മീ. 110കെവി ഡബിൾ സർക്യൂട്ട് ലൈനിന്റെ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. സബ്സ്റ്റേഷൻ കൺട്രോൾ റൂമിന്റെ പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചു. ലൈനിന്റെ 41 ടവർ ലൊക്കേഷനുകളിൽ 15 എണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തിയും 7 എണ്ണത്തിന്റെ എസ്കവേഷനും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷൻ 2025 ഓഗസ്റ്റിൽ കമ്മീഷൻ ചെയ്യപ്പെടും.

നിലവിലുള്ള 33 കെ വി നീലേശ്വരം സബ്സ്റ്റേഷൻ 110 കെ വി ആയി ഉയർത്തി, മാറ്റി 2 എണ്ണം 12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്ക് 11.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. യാർഡ് ലേഔട്ട്, ലൈനിന്റെ പ്രൊഫൈൽ എന്നിവയ്ക്ക് ഡ്രോയിങ്ങ് അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട 110കെവി ബേയുടെ നിർമ്മാണത്തിനായുള്ള സ്ഥലം

ഒരുക്കിയെടുക്കുന്നതിനായി നിലവിലുള്ള ഉപകരണങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2025-26 കാലയളവിൽ പൂർത്തീകരിക്കുന്നതിനായാണ് ഉദ്ദേശിക്കുന്നത്.

110കെവി സബ്സ്റ്റേഷൻ മഞ്ചേശ്വരത്ത് ശേഷി വർദ്ധിപ്പിക്കുന്നതിനായി പുതിയ ഒരു 110/11 കെവി 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

33 കെവി സബ്സ്റ്റേഷൻ ബദിയടുക്കയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള രണ്ട് 5എംവിഎ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ രണ്ട് 33/11കെവി 8 എംവിഎ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആർ.ഡി.എസ്.എസ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. 2025-26-ൽ പൂർത്തികരിക്കാൻ ലക്ഷ്യമിടുന്നു.

33 കെവി സബ്സ്റ്റേഷൻ ബേളൂരിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള രണ്ടു 5എംവിഎ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ രണ്ട് 33/11കെവി 8 എംവിഎ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആർഡിഎസ്എസ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. 2025-26-ൽ പൂർത്തികരിക്കാൻ ലക്ഷ്യമിടുന്നു.

സീതാംഗോളി എന്ന സ്ഥലത്ത് 110കെവി സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 13 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. 2025-26 വർഷത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

33 കെവി പെലമർവ്വ (അഡൂർ കാസറഗോഡ്). 11.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 110കെവി മുള്ളേരിയ സബ്സ്റ്റേഷനിൽ നിന്നും പത്തു കിലോമീറ്റർ 33കെവി ലൈൻ വലിച്ച് അഡൂർ വില്ലേജിൽ ഒരു 33കെവി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ് പദ്ധതി. സബ്സ്റ്റേഷനായി അഡൂർ വില്ലേജിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. 2025-26 കാലയളവിൽ പൂർത്തീകരിക്കുന്നതിനായാണ് ലക്ഷ്യമിടുന്നത്

<u>കാസർഗോഡ് ജില്ലയിലെ പുതിയ പ്രോപോസലുകൾ</u>

| | | | |
|---|---|---|---|
| | | | 220 കെ വി മൈലാട്ടി സബ്സ്റ്റേഷൻ പരിധിയിൽ ബേക്കൽ, ചെമ്പരിക്ക എന്നീ സ്ഥലങ്ങളിലുള്ള ടൂറിസം വികസനം, കാലാകാലങ്ങളിൽ ഉയർന്നു വരുന്ന ലോഡും പ്രതീക്ഷിച്ചു കൊണ്ട് ബേക്കൽ, ചെമ്പരിക്ക എന്നിവിടങ്ങളിൽ പുതിയ 33kV സബ്സ്റ്റേഷനുകൾ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. കൂടാതെ പെരിയ മേഖലയിലും പുതിയ 110kV സബ്സ്റ്റേഷനും പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. പ്രദേശത്തെ വൈദ്യുതി ഉപഭോഗവും വൈദ്യുത തടസ്സം നേരിടുന്ന കാരണങ്ങളും കണക്കിലെടുത്തു പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ലോഡ് ഫ്ലോ സ്റ്റഡി റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ 45.57 കോടി രൂപയുടെയും, 2023-24 വർഷത്തിൽ 58.24 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 2024-25 വർഷത്തിൽ 70.05 കോടി രൂപയുടെയും, 2025-26 വർഷത്തിൽ 98.01 കോടി രൂപയുടെയും, 2026-27 വർഷത്തിൽ 92.09 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കുന്നതാണ് എന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. RDSS സ്കീമുകളിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാസറഗോഡ് ജില്ലയെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി അടുത്ത മൂന്ന് വർഷങ്ങളിലായി 394.15 കോടി രൂപയുടെ ജോലികൾ വിഭാവനം ചെയ്തിട്ടുള്ളതും ആദ്യവർഷ വിഹിതത്തിൽപ്പെട്ട 157.1 കോടി രൂപയുടെ ജോലികൾ ടെൻഡർ ഘട്ടത്തിലുമാണ്. |
| (സി) | വൈദ്യുതി രംഗത്ത് പ്രതിസന്ധി ഇല്ലാത്ത ജില്ലയായി കാസർഗോഡ് എപ്പോൾ മാറും എന്ന് വ്യക്തമാക്കാമോ; | (സി) | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കാസറഗോഡ് -കരിന്തളം 400കെവി സബ്സ്റ്റേഷനും അനുബന്ധ ഉടുപ്പി കരിന്തളം 400കെവി ലൈനും പൂർത്തീകരിച്ചാൽ മാത്രമേ കാസറഗോഡ് കണ്ണൂർ ജില്ലകളിലെ വൈദ്യുത പ്രസരണ രംഗത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവുകയുള്ളൂ. കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർഇസി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടിബിസിബി വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർ ലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400കെവി ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. 400കെവി കരിന്തളം സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ച കമ്മീഷൻ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനു സജ്ജമായിട്ടുണ്ട്. ഉടുപ്പി-കരിന്തളം 400കെവി ലൈനിന്റെ നിർമ്മാണം കർണ്ണാടക ഭാഗത്ത് ഭൂവുടമകളുടെ നഷ്ടപരിഹാരം സംബന്ധിച്ച എതിർപ്പ് കാരണം മന്ദഗതിയിലാണ്. കർണ്ണാടകയിലൂടെയും കടന്നുപോകുന്ന ഈ ലൈനിന്റെ 92 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട്. 100 ടവർ ഫൗണ്ടേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 3.09 കിമീ ലൈൻ നിർമ്മിച്ചിട്ടുണ്ട്. കരിന്തളം–വയനാട് *400*കെവി ലൈൻ പ്രവൃത്തി ട്രാൻസ് ഗ്രിഡ് വിഭാഗമാണ് നടപ്പിലാക്കുന്നത്. വയനാട്-കരിന്തളം 400കെവി ലൈൻ പ്രവൃത്തി 2022-ൽ M/s എൽ & ടി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ടേൺ കീ അടിസ്ഥാനത്തിൽ നൽകിയതാണ്. എന്നാൽ ഭൂവുടമകളുടെ നഷ്ടപരിഹാരം സംബന്ധിച്ച എതിർപ്പ് കാരണം പ്രവൃത്തി പതുക്കെയാണ് പുരോഗമിക്കുന്നത്. ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നതിനുള്ള സർവ്വേ പുനരാരംഭിച്ചിട്ടുണ്ട്.<br><br>മൈലാട്ടി സബ്സ്റ്റേഷൻ മുതൽ വിദ്യാനഗർ സബ്സ്റ്റേഷൻ വരെയുള്ള 12 കിലോമീറ്റർ 110 കെവി സിംഗിൾ സർക്യൂട്ട് ലൈൻ 220/110കെവി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനായി ഉയർത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 110 കെവി മൈലാട്ടി വിദ്യാനഗർ സിംഗിൾ സർക്യൂട്ട് ലൈൻ പൂർണ്ണമായും ഷട്ട് ഡൗൺ ചെയ്യാൻ സാധിക്കാത്തതിനാൽ നാല് ഘട്ടമായാണ് വിദ്യാനഗർ ലൈനിന്റെ പണി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>മേൽ പ്രതിപാദിച്ച പ്രവൃത്തികൾ തീരുന്ന മുറക്ക് കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ട്രാൻസ്ഫോർമറുകളുടെയും സബ്സ്റ്റേഷനുകളുടെയും വിവരം മണ്ഡലം തിരിച്ചു നൽകാമോ; | (ഡി) | <u>കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ട്രാൻസ്ഫോർമറുകളും സബ്സ്റ്റേഷനുകളും</u><br><br>1)കാസർഗോഡ് മണ്ഡലം *:* സീതാംഗോളി (110 കെ വി സബ്സ്റ്റേഷൻ )<br><br>2)ഉദുമ മണ്ഡലം :<br><br>1. പെലെമർവ (33 കെ വി സബ്സ്റ്റേഷൻ അഡൂർ)<br>2. *110*കെ വി സബ്സ്റ്റേഷൻ കുറ്റിക്കോൽ<br><br>3) മഞ്ചേശ്വരം മണ്ഡലം : 110 /11 കെ വി 12 .5 MVA ട്രാൻസ്ഫോർമർ 110 കെ വി സബ്സ്റ്റേഷൻ മഞ്ചേശ്വരം |

| | | | |
|---|---|---|---|
| | | | 4) തൃക്കരിപ്പൂർ : 33 കെ വി നീലേശ്വരം സബ്സ്റ്റേഷൻ 110 കെവി യി-ലേക്ക് ഉയർത്തൽ.<br><br>ട്രാൻസ്ഫോർമറുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ഇ) | വോൾട്ടേജ് ഇമ്പ്രൂവ്മെന്റിന് വേണ്ടി ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിൽ പുതുതായി ലൈൻ വലിക്കുന്നതിന് ആലോചനയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | <u>കാഞ്ഞങ്ങാട് മണ്ഡലം</u> : അമ്പലത്തറ ബേളൂർ) UG കേബിൾ ലൈൻ വലിക്കുന്നത് പരിഗണയിലുണ്ട്.<br><br><u>ഉദുമ മണ്ഡലം</u> : കുറ്റിക്കോൽ 110 കെവി സബ്സ്റ്റേഷൻ ലൈൻ വർക്ക് 43% പൂർത്തിയായി<br><br><u>തൃക്കരിപ്പൂർ മണ്ഡലം</u> : UPGRADATION വർക്കിന്റെ ലൈൻ വലിക്കുന്നത് ഇ ടെൻഡർ നടന്നുകൊണ്ടിരിക്കുന്നു.<br><br>വോൾട്ടേജ് ഇമ്പ്രൂവ്മെന്റിനായി കാസർഗോഡ് ജില്ലയിൽ ലൈൻ വലിക്കുന്നതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ | | |
|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ | വർഷം | എണ്ണം |
| മഞ്ചേശ്വരം നിയോജക മണ്ഡലം | | |
| ഉപ്പള | 2022-23 | 2 |
| ഉപ്പള | 2023-24 | 3 |
| ഉപ്പള | 2024-25 | 8 |
| ഉപ്പള | 2025-26 | 1 |
| ഉപ്പള | 2026-27 | 1 |
| മഞ്ചേശ്വരം | 2022-23 | 4 |
| മഞ്ചേശ്വരം | 2023-24 | 9 |
| മഞ്ചേശ്വരം | 2024-25 | 27 |
| മഞ്ചേശ്വരം | 2025-26 | 6 |
| മഞ്ചേശ്വരം | 2026-27 | 3 |
| വോർക്കാടി | 2022-23 | 9 |
| വോർക്കാടി | 2023-24 | 2 |
| വോർക്കാടി | 2024-25 | 5 |
| പൈവളിക | 2022-23 | 1 |
| പൈവളിക | 2023-24 | 1 |
| പൈവളിക | 2024-25 | 4 |
| പൈവളിക | 2025-26 | 1 |
| പെർള | 2022-23 | 3 |
| പെർള | 2024-25 | 4 |
| പെർള | 2026-27 | 1 |
| സീതാംഗോളി | 2022-23 | 2 |
| സീതാംഗോളി | 2024-25 | 9 |
| സീതാംഗോളി | 2025-26 | 2 |
| കുമ്പള | 2024-25 | 7 |
| കുമ്പള | 2025-26 | 1 |
| ആകെ | | 116 |

| കാസറഗോഡ് നിയോജക മണ്ഡലം | | |
|---|---|---|
| നെല്ലിക്കുന്ന് | 2022-23 | 5 |
| നെല്ലിക്കുന്ന് | 2023-24 | 3 |
| നെല്ലിക്കുന്ന് | 2024-25 | 8 |
| കുമ്പള | 2022-23 | 1 |
| കുമ്പള | 2026-27 | 1 |
| കാസറഗോഡ് | 2022-23 | 1 |
| കാസറഗോഡ് | 2024-25 | 5 |
| ചെർക്കള | 2022-23 | 10 |
| ചെർക്കള | 2023-24 | 1 |
| ചെർക്കള | 2024-25 | 7 |
| ബദിയഡുക്ക | 2022-23 | 2 |
| ബദിയഡുക്ക | 2023-24 | 5 |
| ബദിയഡുക്ക | 2024-25 | 5 |
| ബദിയഡുക്ക | 2026-27 | 12 |
| മുള്ളേരിയ | 2022-23 | 6 |
| മുള്ളേരിയ | 2023-24 | 9 |
| മുള്ളേരിയ | 2024-25 | 3 |
| മുള്ളേരിയ | 2025-26 | 2 |
| മുള്ളേരിയ | 2026-27 | 4 |
| സീതാംഗോളി | 2022-23 | 1 |
| സീതാംഗോളി | 2023-24 | 1 |
| സീതാംഗോളി | 2025-26 | 1 |
| ആകെ | | 93 |
| ഉദുമ നിയോജക മണ്ഡലം | | |
| ചെർക്കള | 2022-23 | 1 |
| ചെർക്കള | 2023-24 | 1 |
| ചെർക്കള | 2024-25 | 2 |
| മുള്ളേരിയ | 2022-23 | 6 |
| മുള്ളേരിയ | 2023-24 | 5 |
| മുള്ളേരിയ | 2024-25 | 5 |

| | | |
|---|---|---|
| മുള്ളേരിയ | 2025-26 | 8 |
| മുള്ളേരിയ | 2026-27 | 1 |
| ഉദുമ | 2022-23 | 1 |
| ഉദുമ | 2023-24 | 3 |
| ഉദുമ | 2024-25 | 17 |
| ഉദുമ | 2025-26 | 5 |
| ഉദുമ | 2026-27 | 4 |
| കുറ്റിക്കോൽ | 2022-23 | 5 |
| കുറ്റിക്കോൽ | 2024-25 | 15 |
| കുറ്റിക്കോൽ | 2025-26 | 3 |
| ചട്ടഞ്ചാൽ | 2022-23 | 5 |
| ചട്ടഞ്ചാൽ | 2023-24 | 1 |
| ചട്ടഞ്ചാൽ | 2024-25 | 12 |
| ചട്ടഞ്ചാൽ | 2025-26 | 7 |
| ആകെ | | 107 |
| തൃക്കരിപ്പൂർ നിയോജക മണ്ഡലം | | |
| ഭീമനടി | 2022-23 | 1 |
| പിലിക്കോട് | 2022-23 | 1 |
| പിലിക്കോട് | 2023-24 | 5 |
| ഭീമനടി | 2023-24 | 1 |
| പടന്ന | 2023-24 | 1 |
| തൃക്കരിപ്പൂർ | 2023-24 | 3 |
| കയ്യൂർ | 2024-25 | 1 |
| തൃക്കരിപ്പൂർ | 2024-25 | 1 |
| ഭീമനടി | 2025-26 | 1 |
| തൃക്കരിപ്പൂർ | 2025-26 | 1 |
| നീലേശ്വരം | 2024-25 | 6 |
| ഭീമനടി | 2024-25 | 2 |
| പിലിക്കോട് | 2024-25 | 9 |
| കയ്യൂർ | 2024-25 | 6 |
| തൃക്കരിപ്പൂർ | 2024-25 | 12 |

| | | |
|---|---|---|
| പടന്ന | 2024-25 | 4 |
| നല്ലോമ്പുഴ | 2024-25 | 2 |
| നീലേശ്വരം | 2025-26 | 7 |
| കയ്യൂർ | 2025-26 | 3 |
| തൃക്കരിപ്പൂർ | 2025-26 | 5 |
| പടന്ന | 2025-26 | 1 |
| നല്ലോമ്പുഴ | 2025-26 | 6 |
| **ആകെ** | | 79 |
| **കാഞ്ഞങ്ങാട് നിയോജക മണ്ഡലം** | | |
| ഭീമനടി | 2022-23 | 2 |
| മാവുങ്കാൽ | 2022-23 | 4 |
| കാഞ്ഞങ്ങാട് | 2022-23 | 1 |
| പടന്നക്കാട് | 2022-23 | 1 |
| ചിത്താരി | 2023-24 | 1 |
| ഭീമനടി | 2023-24 | 1 |
| രാജപുരം | 2023-24 | 1 |
| ചോയ്യങ്കോട് | 2023-24 | 1 |
| പടന്നക്കാട് | 2023-24 | 2 |
| കാഞ്ഞങ്ങാട് | 2024-25 | 1 |
| ചിത്താരി | 2024-25 | 10 |
| ഭീമനടി | 2024-25 | 1 |
| രാജപുരം | 2024-25 | 2 |
| പടന്നക്കാട് | 2024-25 | 5 |
| പടന്നക്കാട് | 2025-26 | 8 |
| മാവുങ്കാൽ | 2025-26 | 3 |
| കാഞ്ഞങ്ങാട് | 2025-26 | 1 |
| നീലേശ്വരം | 2026-27 | 1 |
| മാവുങ്കാൽ | 2026-27 | 1 |
| ഭീമനടി | 2026-27 | 5 |
| ചിത്താരി | 2024-25 | 1 |
| നീലേശ്വരം | 2024-25 | 2 |

| | | |
|---|---|---|
| നല്ലോമ്പുഴ | 2025-26 | 6 |
| നീലേശ്വരം | 2025-26 | 7 |
| നീലേശ്വരം | 2026-27 | 2 |
| ആകെ | | 70 |

# എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്ന പ്രവർത്തിയുടെ കാസർഗോഡ് ജില്ലയിലെ സെക്ഷൻതിരിച്ചുള്ള വിശദാംശങ്ങൾ

| നിയോജക മണ്ഡലം | സെക്ഷൻ | പദ്ധതി | വർഷം | അളവ് (കി മി ) |
|---|---|---|---|---|
| മഞ്ചേശ്വരം | ഉപ്പള | ദ്യുതി 2.0 | 2023-24 | 5.2 |
| | ഉപ്പള | ദ്യുതി 2.0 | 2024-25 | 0.4 |
| | ഉപ്പള | ദ്യുതി 2.0 | 2025-26 | 0.5 |
| | മഞ്ചേശ്വരം | ദ്യുതി 2.0 | 2024-25 | 0.59 |
| | വോർക്കാടി | ദ്യുതി 2.0 | 2025-26 | 4.85 |
| | വോർക്കാടി | ദ്യുതി 2.0 | 2026-27 | 12.85 |
| | കുമ്പള | ദ്യുതി 2.0 | 2024-25 | 0.1 |
| | കുമ്പള | ദ്യുതി 2.0 | 2025-26 | 1.15 |
| | കുമ്പള | ദ്യുതി 2.0 | 2026-27 | 0.5 |
| | പൈവളിക | ദ്യുതി 2.0 | 2024-25 | 3 |
| | പൈവളിക | ദ്യുതി 2.0 | 2025-26 | 0.45 |
| | പെർള | ദ്യുതി 2.0 | 2025-26 | 0.7 |
| | പെർള | ദ്യുതി 2.0 | 2026-27 | 4.75 |
| | സീതാംഗോളി | ദ്യുതി 2.0 | 2026-27 | 2.55 |
| | ഉപ്പള | ദ്യുതി സ്പെഷ്യൽ | 2025-26 | 0.35 |
| | ഉപ്പള | ദ്യുതി സ്പെഷ്യൽ | 2026-27 | 2.8 |
| ആകെ | | | | 40.74 |
| കാസറഗോഡ് | നെല്ലിക്കുന്ന് | ദ്യുതി 2.0 | 2024-25 | 0.2 |
| | നെല്ലിക്കുന്ന് | ദ്യുതി 2.0 | 2025-26 | 3.9 |
| | നെല്ലിക്കുന്ന് | ദ്യുതി 2.0 | 2026-27 | 3.6 |
| | കാസറഗോഡ് | ദ്യുതി 2.0 | 2024-25 | 1.4 |
| | ചെർക്കള | ദ്യുതി 2.0 | 2024-25 | 3.35 |
| | ചെർക്കള | ദ്യുതി 2.0 | 2025-26 | 3.5 |
| | ചെർക്കള | ദ്യുതി 2.0 | 2026-27 | 6 |
| | ബദിയഡുക്ക | ദ്യുതി 2.0 | 2025-26 | 6.55 |
| | ബദിയഡുക്ക | ദ്യുതി 2.0 | 2026-27 | 4.8 |
| | മുള്ളേരിയ | ദ്യുതി 2.0 | 2024-25 | 0.5 |
| | മുള്ളേരിയ | ദ്യുതി 2.0 | 2025-26 | 0.3 |
| | സീതാംഗോളി | ദ്യുതി 2.0 | 2026-27 | 0.85 |
| | സീതാംഗോളി | ദ്യുതി സ്പെഷ്യൽ | 2025-26 | 1.6 |
| | മള്ളേരിയ | ദ്യുതി സ്പെഷ്യൽ | 2025-26 | 0.3 |
| | നെല്ലിക്കുന്ന് | ദ്യുതി സ്പെഷ്യൽ | 2025-26 | 0.04 |
| ആകെ | | | | 36.89 |
| | ചെർക്കള | ദ്യുതി 2.0 | 2024-25 | 3 |
| | ചെർക്കള | ദ്യുതി 2.0 | 2025-26 | 6.2 |
| | ചെർക്കള | ദ്യുതി 2.0 | 2026-27 | 5 |
| | മുള്ളേരിയ | ദ്യുതി 2.0 | 2024-25 | 0.45 |
| | കുറ്റിക്കോൽ | ദ്യുതി 2.0 | 2024-25 | 9.165 |
| | കുറ്റിക്കോൽ | ദ്യുതി 2.0 | 2025-26 | 8.42 |
| | കുറ്റിക്കോൽ | ദ്യുതി 2.0 | 2026-27 | 9.45 |

| | | | | |
|---|---|---|---|---|
| ഉദുമ | ചട്ടഞ്ചാൽ | ദ്യുതി 2.0 | 2024-25 | 4.719 |
| | ചട്ടഞ്ചാൽ | ദ്യുതി 2.0 | 2025-26 | 8.657 |
| | ചട്ടഞ്ചാൽ | ദ്യുതി 2.0 | 2026-27 | 8.7 |
| | ഉദുമ | ദ്യുതി 2.0 | 2024-25 | 0.8 |
| | ഉദുമ | ദ്യുതി സ്പെഷ്യൽ | 2024-25 | 0.1 |
| | ചട്ടഞ്ചാൽ | ദ്യുതി സ്പെഷ്യൽ | 2025-26 | 9.1 |
| | ചട്ടഞ്ചാൽ | ദ്യുതി സ്പെഷ്യൽ | 2026-27 | 2.8 |
| | പെരിയ ബസാർ | 2022-23 | ദ്യുതി | 1 |
| | ചിത്താരി | 2023-24 | ദ്യുതി | 1 |
| | ചിത്താരി | 2024-25 | ദ്യുതി | 6 |
| | മാവുങ്കാൽ | 2024-25 | ദ്യുതി | 3 |
| | പെരിയ ബസാർ | 2024-25 | ദ്യുതി | 2.6 |
| | ചിത്താരി | 2022-23 | ദ്യുതി | 1 |
| | പെരിയ ബസാർ | 2023-24 | ദ്യുതി | 2.6 |
| | പെരിയ ബസാർ | 2024-25 | ദ്യുതി | 6.85 |
| | ചിത്താരി | 2024-25 | ദ്യുതി | 6 |
| | പെരിയ ബസാർ | 2025-26 | ദ്യുതി | 3 |
| | പെരിയ ബസാർ | 2026-27 | ദ്യുതി | 6.7 |
| | പെരിയ ബസാർ | 2025-26 | ദ്യുതി സ്പെഷ്യൽ | 1.1 |
| | പെരിയ ബസാർ | 2026-27 | ദ്യുതി സ്പെഷ്യൽ | 2 |
| | ആകെ | | | 119.411 |
| തൃക്കരിപ്പൂർ | നീലേശ്വരം | 2023-24 | ദ്യുതി | 1.68 |
| | ഭീമനടി | 2023-24 | ദ്യുതി | 1.1 |
| | പിലിക്കോട് | 2023-24 | ദ്യുതി | 4.03 |
| | തൃക്കരിപ്പൂർ | 2023-24 | ദ്യുതി | 1.559 |
| | പടന്ന | 2023-24 | ദ്യുതി | 1.68 |
| | കയ്യൂർ | 2024-25 | ദ്യുതി | 1.3 |
| | തൃക്കരിപ്പൂർ | 2024-25 | ദ്യുതി | 5.3 |
| | നല്ലോമ്പുഴ | 2024-25 | ദ്യുതി | 4.17 |
| | പിലിക്കോട് | 2025-26 | ദ്യുതി | 1.1 |
| | കയ്യൂർ | 2025-26 | ദ്യുതി | 1.1 |
| | തൃക്കരിപ്പൂർ | 2025-26 | ദ്യുതി | 3.8 |
| | നല്ലോമ്പുഴ | 2025-26 | ദ്യുതി | 0.25 |
| | നീലേശ്വരം | 2026-27 | ദ്യുതി | 2.3 |
| | പിലിക്കോട് | 2026-27 | ദ്യുതി | 3.24 |
| | കയ്യൂർ | 2026-27 | ദ്യുതി | 5.2 |
| | തൃക്കരിപ്പൂർ | 2026-27 | ദ്യുതി | 8 |
| | തൃക്കരിപ്പൂർ | 2024-25 | ദ്യുതി സ്പെഷ്യൽ | 5.58 |
| | പിലിക്കോട് | 2024-25 | ദ്യുതി സ്പെഷ്യൽ | 1 |
| | കയ്യൂർ | 2025-26 | ദ്യുതി സ്പെഷ്യൽ | 1 |
| | തൃക്കരിപ്പൂർ | 2025-26 | ദ്യുതി സ്പെഷ്യൽ | 0.7 |
| | പടന്ന | 2025-26 | ദ്യുതി സ്പെഷ്യൽ | 3.6 |
| | നീലേശ്വരം | 2026-27 | ദ്യുതി സ്പെഷ്യൽ | 1.2 |
| | ആകെ | | | 58.889 |
| | ഭീമനടി | 2022-23 | ദ്യുതി | 4 |
| | ചിത്താരി | 2022-23 | ദ്യുതി | 1.7 |
| | മാവുങ്കാൽ | 2022-23 | ദ്യുതി | 1.467 |
| | രാജപുരം | 2022-23 | ദ്യുതി | 2.5 |

| | | | | |
|---|---|---|---|---|
| | ബളാംതോട് | 2022-23 | ദ്യുതി | 3 |
| | ചിത്താരി | 2023-24 | ദ്യുതി | 1 |
| | രാജപുരം | 2023-24 | ദ്യുതി | 6.55 |
| | ബളാംതോട് | 2023-24 | ദ്യുതി | 7.76 |
| | പടന്നക്കാട് | 2023-24 | ദ്യുതി | 0.5 |
| | ചിത്താരി | 2024-25 | ദ്യുതി | 2.3 |
| | മാവുങ്കാൽ | 2024-25 | ദ്യുതി | 3.2 |
| | ചോയ്യങ്കോട് | 2024-25 | ദ്യുതി | 1.15 |
| | ബളാംതോട് | 2024-25 | ദ്യുതി | 17 |
| | ചിത്താരി | 2025-26 | ദ്യുതി | 4 |
| | ചോയ്യങ്കോട് | 2025-26 | ദ്യുതി | 0.4 |
| | നീലേശ്വരം | 2025-26 | ദ്യുതി | 1.3 |
| കാഞ്ഞങ്ങാട് | ഭീമനടി | 2025-26 | ദ്യുതി | 6 |
| | ബളാംതോട് | 2025-26 | ദ്യുതി | 2 |
| | ഭീമനടി | 2026-27 | ദ്യുതി | 5 |
| | മാവുങ്കാൽ | 2026-27 | ദ്യുതി | 1 |
| | ചോയ്യങ്കോട് | 2026-27 | ദ്യുതി | 0.85 |
| | ചിത്താരി | 2024-25 | ദ്യുതി സ്പെഷ്യൽ | 1.3 |
| | പെരിയ ബസാർ | 2024-25 | ദ്യുതി സ്പെഷ്യൽ | 1.8 |
| | നീലേശ്വരം | 2024-25 | ദ്യുതി സ്പെഷ്യൽ | 5.57 |
| | ഭീമനടി | 2024-25 | ദ്യുതി സ്പെഷ്യൽ | 1.1 |
| | പിലിക്കോട് | 2024-25 | ദ്യുതി സ്പെഷ്യൽ | 8 |
| | ഭീമനടി | 2025-26 | ദ്യുതി സ്പെഷ്യൽ | 1.2 |
| | കയ്യൂർ | 2025-26 | ദ്യുതി സ്പെഷ്യൽ | 1 |
| | തൃക്കരിപ്പൂർ | 2025-26 | ദ്യുതി സ്പെഷ്യൽ | 0.7 |
| | നല്ലോമ്പുഴ | 2025-26 | ദ്യുതി സ്പെഷ്യൽ | 3 |
| | നീലേശ്വരം | 2026-27 | ദ്യുതി സ്പെഷ്യൽ | 1.2 |
| | ഭീമനടി | 2026-27 | ദ്യുതി സ്പെഷ്യൽ | 1.2 |
| | കയ്യൂർ | 2026-27 | ദ്യുതി സ്പെഷ്യൽ | 2 |
| ആകെ | | | | 100.747 |